
Volume 06
Issue 41
08 May, 2016

Uyirpukalam VII
Is 6:1-13
Act 1:15-26
Phi 2:1-11
Mk 16:14-20



# EMMAUS VACHANADOOTH

## വിശ്വാസം നൽകുന്ന പ്രത്യാശയും വിശ്വാസത്തിന്റെ സാക്ഷ്യവും.



Rev Bro
Joseph
Irattakalayil

ജനനം മുതൽ മരണം വരെയും പ്രഭാതം മുതൽ പ്രദോഷം വരെയും മനുഷ്യനെ മുൻപോട്ടു നയിക്കുന്നത് ചില വിശ്വാസങ്ങളാണ്. ആരിലും ഒന്നിലും വിശ്വാസിക്കാതെ ജീവിക്കുക എന്നത് തത്വത്തിലും പ്രായോഗികതയിലും ഒരുപോലെ ദുഷ്കരമാണ്. വിളമ്പിക്കിട്ടുന്ന ഭക്ഷണം ആസ്വദിക്കുന്നതും ഡോക്ടർ കുറിക്കുന്ന മരുന്ന് മുടക്കാത്തതും കാറിലും ട്രെയിനിലും യാത്ര ആരംഭിക്കുന്നതും ഞായറാഴ്ച കുർബ്ബാനയെങ്കിലും മുടക്കരുതെന്ന വാശിയുമൊക്കെ ചില വിശ്വാസങ്ങളുടെ പിൻബലത്തിലാണ്. വിശ്വാസം പടിയിറങ്ങിപോകുന്ന പിന്നാമ്പുറവാതിലിലൂടെയാണ് പിന്നെ ഭയം, ഉത്കണ്ഠ അമർഷം, നിരാശ തുടങ്ങിയ വികാരങ്ങൾ ജീവിതത്തിലേയ്ക്ക് എത്തുന്നതും, ജീവിതത്തെ അസ്വസ്ഥമാക്കാൻ തുടങ്ങുന്നതും. ജീവിതത്തിന്റെ എല്ലാ തുറകളിലും ഒരുപോലെ താരമാകുന്ന വിശ്വാസം അതാണ് തീർച്ചയായും നമ്മെ മുൻപോട്ട് നയിക്കുന്ന ചാലക ശക്തി. വിശ്വാസവും അതുതരുന്ന പ്രത്യാശയും  അതാണ് എല്ലാം. "വിശ്വാസം അതെല്ലെ എല്ലാം" എന്ന് നാമൊക്കെ കേട്ട് തഴമ്പിച്ചിട്ടുള്ള പരസ്യവാചകവും ഉയർത്തിക്കാട്ടാൻ ശ്രമിച്ചത് ഈ ചിന്തയായിരുന്നു.

ദൈവവിശ്വാസത്തെ പ്രാണനെക്കാളും പ്രിയതരമായി നെഞ്ചോട് ചേർത്തുപിടിച്ചവരും ചേർത്തുപിടിക്കേണ്ടവരുമാണ് ക്രൈസ്തവർ. അടിസ്ഥാനപരമായ ഈ വിശ്വാസം ജന്മം തന്ന് പരിപാലിക്കുന്ന എന്നെ അറിയുന്ന അന്നും ഇന്നും എന്നും ജീവിക്കുന്ന ഒരു ദൈവമുണ്ടെന്ന വിശ്വാസം. ജീവിതത്തിൽ നിന്നും യാത്രപറഞ്ഞു തുടങ്ങുമ്പോഴാണ് പരമമായ സന്തോഷവും സമാധാനവും കൂടി നാമറിയാതെ തന്നെ നമ്മോട് യാത്രപറയുന്നത്. അതുകൊണ്ട് സമാധാനത്തിനും സന്തോത്തിനും വേണ്ടി പരക്കം പായുന്ന മനുഷ്യന് മുൻപിൽ തുറന്നുവയ്ക്കാവുന്ന ഏറ്റവും വലിയ ഔഷധച്ചെപ്പ് ഈ വിശ്വാസം തന്നെയാണ്.

"കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ മലമാറി നിൽക്കുമെന്ന് പഠിപ്പിച്ച ക്രിസ്തു താൻ പ്രത്യേകമാംവിധം തിരഞ്ഞെടുത്തു പരിശീലിപ്പിച്ച തന്റെ ശിഷ്യന്മാരുടെ വിശ്വാസരാഹിത്യത്തെയും ഹൃദയകാഠിന്യത്തെയും കുറ്റപ്പെടുത്തുകയാണ്. പീഡസഹിച്ച് മരിച്ച്

മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റ് തന്റെ പ്രിയ ശിഷ്യന്മാർക്കു മുൻപിൽ പ്രത്യക്ഷപ്പെട്ടപ്പോൾ തന്നെ തിരിച്ചറിയാതിരിക്കുകയും തന്നിൽ വിശ്വസിക്കാതിരിക്കുകയും ചെയ്ത ശിഷ്യന്മാരുടെ പരിതാപകരമായ അവസ്ഥയെചൂണ്ടിക്കാണിച്ചുകൊണ്ടാണ് ഈശോ അവരെ കുറ്റപ്പെടുത്തുന്നത്. കൂടെയിരുത്തി സ്നേഹിച്ചിട്ടും കൂടെ നടത്തി പരിപാലിച്ചിട്ടും ദൈവരാജ്യത്തിന്റെ രഹസ്യങ്ങളെ സാന്ദർഭികമായി വിവരിച്ചു കൊടുത്തിട്ടും അവിശ്വാസത്തിന്റെ നിസ്സഹായതയിലേയ്ക്കു വഴുതിപോകുന്ന ഈ ശിഷ്യജന്മങ്ങൾ നാമോരുത്തരും കൂടിയാണ്. ഈ ഭൂമിയിൽ ജന്മം തന്ന് അനുദിനം പരിപാലിച്ചിട്ടും നിന്റെ ആവശ്യങ്ങൾ നിനക്കു മുൻപേ കണക്കു കൂട്ടിയിട്ടും നിന്നെക്കുറിച്ചുള്ള അനന്തമായ പദ്ധതിക്കനുസരിച്ച് ജീവിതസാഹചര്യങ്ങളെ നിനക്കുവേണ്ടി രേഖപ്പെടുത്തിയിട്ടും നിങ്ങളും ഞാനുമൊക്കെ വിശ്വാസത്തിന്റെ ആഴങ്ങളിലേയ്ക്ക് ഇറങ്ങിപ്പുറപ്പെടാൻ മടിക്കുകയാണ്. അല്ലെങ്കിൽ നമുക്കതിന് സാധിക്കുന്നില്ല. ജീവിതസാഹചര്യങ്ങളുടെ പരിമിതികളിലും നിസ്സാഹായതകളിലും എല്ലാം നഷ്ടപ്പെട്ടുവെന്ന് ചിന്തിക്കുന്നതും ജീവിതത്തിന് അർത്ഥമില്ലായെന്ന് പ്രഖ്യാപിക്കുന്നതും സന്തോഷത്തെയും സമാധാനത്തെയും മരുഭൂമിയിലെ മരുപ്പച്ചകൾക്കു തുല്യമാക്കുന്നതും ഈ ജീവിതമൊന്നു തീർന്നു കിട്ടിയിരുന്നെങ്കിൽ എന്ന ആത്മനൊമ്പരത്തിൽ വീർപ്പുമുട്ടാൻ തുടങ്ങുന്നതും വിശ്വാസത്തിന്റെ കണ്ണുകളിലൂടെ ജീവിതത്തെ നോക്കിക്കാണാൻ പറ്റാതെ വരുമ്പോഴാണ് നമുവേണ്ടി പീഡസഹിച്ച് മരിച്ച് ഉത്ഥാനം ചെയ്ത് ജീവിക്കുന്ന സാന്നിധ്യവുമായി വി. കുർബ്ബാനയായി നമ്മുടെ കൂടെ വസിക്കുന്ന യേശു സാന്നിധ്യത്തെ തിരിച്ചറിയാതിരിക്കുമ്പോഴാണ്.

മരണം വരെ അനുസരണം ഉള്ളവനായി മരണത്തോളം വരെ ശൂന്യനാക്കി നമുക്കോരുരുത്തർക്കും വേണ്ടി ജീവിതബലി പൂർത്തിയാക്കിയ ക്രിസ്തുവിനെ ദൈവം ഉത്ഥാനത്തോളം ഉയർത്തി എല്ലാ നാമങ്ങൾക്കു ഉപരിയായ നാമം നൽകി. അത് ഫിലിപ്പി. 2 :10-11 പറയുന്നതുപോലെ “യേശുവിന്റെ നാമത്തിനു മുൻപിൽ സ്വർഗ്ഗത്തിലും ഭൂമിയിലും പാതാളത്തിലുമുള്ളവർ മുട്ടുമടക്കുന്നതിനും യേശു ക്രിസ്തു കർത്താവാണെന്ന് പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി എല്ലാനാവുകളും ഏറ്റു പറയുന്നതിനും വേണ്ടിയാണ്. ‘അതുവഴി നാമെല്ലാവരും നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയിലും, പിതാവായ ദൈവത്തിന്റെസ്നേഹത്തിലും, പരിശുദ്ധാത്മാവിന്റെ സഹവാസത്തിലും സന്തോഷത്തോടുകൂടെയും സമാധാനത്തോടെയും പ്രത്യാശയോടെയും ജീവിക്കുന്നതിനാണ്. അതിനാൽ നമുക്ക് നമ്മുടെ ജീവിതത്തിൽ ക്രിസ്തുവിനെ യഥാർത്ഥ രക്ഷകനും നാഥനുമായി ഏറ്റുപറഞ്ഞ് വിശ്വസിക്കാം.

വിശ്വാസത്തിന്റെ ഈ ജീവിതവഴിയിലേ വിശ്വാസത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കാനും ഭൂമിയിൽ അവിടുന്ന് ഭരമേൽപിക്കുന്ന ദൗത്യത്തെ ദൈവഹിതാനുസരണം പൂർത്തിയാക്കാനും സാധിക്കുകയുള്ളു. അതുകൊണ്ടായിരിക്കാം “നിങ്ങൾലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടു ംസുവിശേഷം പ്രസംഗിക്കുവിൻ” എന്ന പ്രേക്ഷിതദൗത്യം ശിഷ്യന്മാരെ ഭരമേൽ പിക്കുന്നതിനു മുൻപ് അവരുടെ വിശ്വാസരാഹിത്യത്തെയും ഹൃദയകാഠിന്യത്തെയും

കുറ്റപ്പെടുത്തി ഈശോ അവരെ മാനസാന്തരത്തിലേയ്ക്ക് നയിക്കുന്നത്. ദാനമായി ലഭിച്ച ഈ ജീവിതം കൊണ്ട് അവിടുന്ന് അനുവദിക്കുന്ന വഴികളിലും, സാഹചര്യങ്ങളിലും വാക്കുകൾക്കൊണ്ടും, പ്രവൃത്തികൾകൊണ്ടും, മനോഭാവങ്ങൾകൊണ്ടും, സമീപനങ്ങൾകൊണ്ടും, സുവിശേഷം പ്രസംഗിക്കേണ്ടവനാണ് ഓരോ ക്രിസ്ത്യാനിയും. അതിന് നാം അവനിൻ ആഴത്തിൽ വിശ്വസിച്ച് തുടങ്ങണം. ഈ വിശ്വാസജീവിതത്തിൽ നിന്നും വിശ്വാസത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കണം. വചനം പറയുന്നതുപോലെ അവിടുന്നിലുള്ള വിശ്വാസത്തെപ്രതി തിന്മയേയും തിന്മയുടെ സാഹചര്യങ്ങളേയും ബഹിഷ്ക്കരിക്കാനും സന്തോഷത്തിന്റെയും സമാധാനത്തിന്റെയും സ്നേഹത്തിന്റെയും കരുതലിന്റെയുമൊക്കെ പുതിയ ഭാഷകൾ സംസാരിക്കാനും ഉപദ്രവിക്കുമെന്നു തോന്നുന്ന സാഹചര്യങ്ങളെയും സംവിധാനങ്ങളെയും വസ്തുക്കളെയും ധീരമായി സമീപിച്ച് അവയ്ക്കുമേൽ ആധിപത്യം സ്ഥാപിക്കാനും ശാരീരികവും മാനസികവുമായ രോഗങ്ങൾക്കും അസ്വസ്ഥതകൾക്കും മേൽ ആശ്വാസത്തിന്റെയും സൗഖ്യത്തിന്റെയും കൈകൾ വയ്ക്കുവാനും നമുക്ക് സാധിക്കണം.

ഏശയ്യാ പ്രവാചകന്റെ പുസ്തകം ആറാം അദ്ധ്യായത്തിൽ പറയുന്നതുപോലെ അശുദ്ധമായ അധരങ്ങൾഉള്ളവനും അശുദ്ധമായ അധരങ്ങളുടെ മദ്ധ്യേ വസിക്കുന്നവരുമാണ് നാം ഓരോരുത്തരും. ഇത്തരത്തിലുള്ള വിപരീതസാഹചര്യങ്ങളിലും വിശ്വാസത്തെ മുറുകെ പിടിക്കുന്നവരും വിശ്വാസത്തിന് സാക്ഷ്യകളാകുന്നവരുമാകാൻ നമ്മുടെ അധരങ്ങളേയും വികാരവിചാരങ്ങളെയും സ്പർശിച്ച് നന്മിലെ മാലിന്യം നീക്കാനും പാപങ്ങൾ ക്ഷമിക്കാനും ഏശയ്യായ്ക്കുണ്ടായ ദർശനത്തിലെന്നപോലെ നമ്മുടെ ജീവിതത്തിലേയ്ക്കും ദൈവം അയയ്ക്കുന്ന സെറാഫുകളും സെറാഫുകൾ വഹിക്കുന്ന തീക്കനലുകളുമാണ് വിശ്വാസപരിപോഷണത്തിന് ദൈവമൊരുക്കുന്ന സാഹചര്യങ്ങൾ. അതുകൊണ്ട് പ്രാർത്ഥിക്കുവാനും ചിന്തിക്കാനും സ്വയം നവീകരിക്കാനും പരിപോക്ഷിക്കുവാനും ദൈവമൊരുക്കുന്ന കൗദാശിക ജീവിതത്തോട് സഭാസംവിധാനങ്ങളോടും ദൈവീക പ്രേരണകളോടും നമ്മുക്ക് പുറം തിരിഞ്ഞു നിൽക്കേണ്ട. മറിച്ച് നമുക്ക് അവയോടെല്ലാം മാനുഷികമായപരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടു തന്നെ ആത്മാർത്ഥമായി സഹകരിക്കാം. അതുവഴി വിശ്വാസ ജീവിതത്തിലും വിശ്വാസ സാക്ഷ്യത്തിലും നമുക്ക് അനുദിനം വളരാം. അപ്പോൾ മാത്രമേ നമുക്ക് ഏശയ്യാ പ്രവാചകനെപോലെ "ഇതാ ഞാൻ എന്നെ അയച്ചാലും" എന്ന് ദൈവത്തോട് പറയാനും ആയിരിക്കുന്ന ജീവിതസാഹചര്യങ്ങളിലേയ്ക്ക് ഒരു നല്ല അപ്പനും അമ്മയുമായി നല്ലൊരു മകനും മകളുമായി ഉത്തമ ജീവിതപങ്കാളികളായി നല്ലൊരു അയൽക്കാരനായി നല്ലൊരു സുഹൃത്തായി നല്ലൊരു സമർപ്പിതനും സമർപ്പിതയുമായി ഈശോയുടെ സുവിശേഷവുമായി നമുക്കിറങ്ങിച്ചെല്ലാൻ സാധിക്കുകയുള്ളു.

ഇത്തരത്തിലുള്ള ഒരു വിശ്വാസ ജീവിതത്തിലൂടെയും വിശ്വാസസാക്ഷ്യത്തിലൂടെയും മാത്രമേ നമുക്ക് യഥാർത്ഥ ക്രിസ്ത്യാനികളും ക്രിസ്തു ശിഷ്യരുമായി തീരുവാൻ സാധിക്കുകയുള്ളു. അവിടെമാത്രമേ ക്രിസ്തുവിനെ രക്ഷകനും നാഥനുമായി ഏറ്റു പറഞ്ഞ് ക്രിസ്തു നൽകുന്ന പ്രത്യാശയിൽ സന്തോഷത്തോടും സമാധാനത്തോടും ആത്മനിർവൃതിയോടും കൂടി ഇഹലോകജീവിതം പൂർത്തിയാക്കുവാൻ നമുക്കു സാധിക്കുകയുള്ളു. ജന്മം തന്ന് പരിപാലിക്കുന്ന ദൈവത്തോട് ഈ കൃപയ്ക്കുവേണ്ടി നമുക്ക് തീഷ്ണമായി പ്രാർത്ഥിക്കാം.

ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.